**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1938** **29-09-2025 - ൽ മറുപടിയ്ക്ക്**

**ജലഗതാഗതത്തിന് പുതിയ ബോട്ടുകൾ വാങ്ങാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ് | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | ജലഗതാഗത വകുപ്പിൽ കാലപ്പഴക്കം ചെന്ന ബോട്ടുകൾ മാറ്റി പുതിയ ബോട്ടുകൾ വാങ്ങാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ; | (എ) | കാലപ്പഴക്കം ചെന്ന ബോട്ടുകൾ പിൻവലിക്കുന്നതിന്റെ ഭാഗമായി ആധുനിക സുരക്ഷാ സംവിധാനങ്ങളോടെ 100 പാസഞ്ചർ കപ്പാസിറ്റിയുള്ള 7 കാറ്റമറൈൻ ബോട്ടുകളുടെയും 75 പാസഞ്ചർ കപ്പാസിറ്റിയുള്ള 2 കാറ്റമറൈൻ ബോട്ടുകളുടെയും നിർമ്മാണം ആരംഭിക്കുകയും ഇതിൽ 8 ബോട്ടുകളുടെ നിർമാണം പൂർത്തീകരിച്ച് സർവീസിൽ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഇന്ത്യയിലെ ആദ്യ സോളാർ ബോട്ടായ 'ആദിത്യ'യുടെ വിജയത്തെ തുടർന്ന് അഞ്ച് വർഷത്തിനുള്ളിൽ 50% ബോട്ടുകൾ സോളാറിലേക്ക് മാറ്റാനുള്ള നടപടികൾ സ്വീകരിച്ചു . വിവിധ കപ്പാസിറ്റിയിലുള്ള സോളാർ ബോട്ടുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുന്നു . ടൂറിസം മേഖലയിൽ വകുപ്പിന്റെ സാന്നിദ്ധ്യം ഊട്ടിയുറപ്പിക്കുന്നതിനും ബഡ്ജറ്റ് ടൂറിസം പ്രോത്സാഹിപ്പിക്കാനുമായി ഇന്ത്യയിലെ ആദ്യ സോളാർ ക്രൂയിസ് വെസ്സൽ 'ഇന്ദ്ര' ഉൾപ്പെടെയുള്ള വേഗ , സീ അഷ്ടമുടി ,സീ കുട്ടനാട് എന്നീ ബോട്ടുകൾ വിജയകരമായി സർവീസ് നടത്തുന്നു . 10 പാസഞ്ചർ കാപ്പാസിറ്റിയുള്ള വാട്ടർ ടാക്സി ,120 പാസഞ്ചർ കാപ്പാസിറ്റിയുള്ള 2 പാസഞ്ചർ കം ടൂറിസ്റ്റ് ബോട്ടുകൾ എന്നിവയുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിലായി നടന്നു വരുന്നു . 10 പാസഞ്ചർ കപ്പാസിറ്റിയുള്ള 5 ഡിംഗി ബോട്ടുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട് .ആധുനിക ബോട്ടുകൾ കൂടുതൽ സർവീസിൽ ഉൾപ്പെടുത്താനും ജലഗതാഗതം മറ്റു ജില്ലകളിലേക്ക് വ്യാപിപ്പിക്കാനുമുള്ള നടപടികൾ നടന്നു വരുന്നു. |
| (ബി) | ജലഗതാഗത വകുപ്പിൽ ജീവനക്കാരെ യഥാസമയം നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | വകുപ്പിൽ സർക്കാർ അനുവദിച്ചിട്ടുള്ള തസ്തികകളിൽ ഒഴിവുകൾ ഉണ്ടാകുന്ന മുറയ്ക്ക് PSC യ്ക്ക് റിപ്പോർട്ട് ചെയ്യുകയും യഥാസമയം. നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുകയും ചെയ്യുന്നുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്ന |

| | | | |
|---|---|---|---|
| | | | ശേഷം 236 പേർക്ക് PSC മുഖേനെ നിയമനം നൽകിയിട്ടുണ്ട്. |
| (സി) | കെ. എസ്. ആർ. ടി. സി. നടപ്പാക്കിയതുപോലെ ജലഗതാഗത വകുപ്പ് കുറഞ്ഞ ചെലവിൽ കൂടുതൽ ടൂർ പാക്കേജുകൾ നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (സി) | വിനോദ സഞ്ചാര മേഖലയിലുള്ള വകുപ്പിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും ബഡ്ജറ്റ് ടൂറിസം നടപ്പിലാക്കുന്നതിനുമായി വകുപ്പ് ആവിഷ്കരിച്ച പദ്ധതികളിലൊന്നായ ഇന്ത്യയിലെ ആദ്യത്തെ സംരംഭമായ സോളാർ ക്രൂയിസ് വെസ്സൽ "ഇന്ദ്ര",പാസഞ്ചർ കം ടൂറിസ്റ്റ് ബോട്ടുകളായ വേഗ, സീ അഷ്ടമുടി, സീ കുട്ടനാട് എന്നീ ബോട്ടുകളും വിജയകരമായി സർവീസ് നടത്തി വരുന്നു. വളരെ കുറഞ്ഞ ചിലവിൽ സാധാരണക്കാരായ പൊതുജനങ്ങൾക്കും സഞ്ചാരികൾക്കും പ്രയോജനപ്പെടുന്ന രീതിയിൽ ആണ് വകുപ്പ് വക സർവീസുകൾ നടത്തി വരുന്നത് . ടി സർവീസുകളിൽ പലതും കെ. എസ്.ആർ. ടി .സി ബജറ്റ് -ടൂറിസവുമായി ചേർന്ന് ആണ് നിലവിൽ ചെയ്തു വരുന്നത്. മേൽപ്പറഞ്ഞ ടൂറിസം സാധ്യതകൾ കൂടുതൽ പ്രയോജനപ്പെടുത്തുന്നതിന്റെ ഭാഗമായി ആലപ്പുഴ മേഖലയിൽ കുട്ടനാട് സഫാരി എന്ന ഒരു ടൂറിസം പദ്ധതി നടപ്പിലാക്കുന്നതിൻറെ ആദ്യ ഘട്ടനടപടികൾ സ്വീകരിച്ചു വരുന്നു . കൂടാതെ മൺറോതുരുത് സവാരി ,സീ കവ്വായി , സീ പറശ്ശിനി , വരാപ്പുഴ വില്ലേജ് ടൂറിസം എന്നീ ടൂറിസം പദ്ധതികളും വകുപ്പിന്റെ പരിഗണനയിൽ ഉള്ളവയാണ്. |

സെക്ഷൻ ഓഫീസർ